# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 21-08-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **3194**

# തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.എസ്.ശിവകുമാർ | :<br>:<br>: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ തുറമുഖങ്ങളിൽ വലിയ ചരക്കു കപ്പലുകൾ വരാനുള്ള സൗകര്യം ഒരുക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നും ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയതെന്നും വിശദമാക്കാമോ ; | (എ) ചെറുകിട തുറമുഖങ്ങളായ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ ചരക്ക് ഗതാഗതം സുഗമമാക്കുന്നതിന് അത്യാധുനിക ഉപകരണങ്ങളായ റീച്ച് സ്റ്റാക്കറുകൾ, 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിനുകൾ, 20 ടൺ ക്രെയിനുകൾ, വി.ടി.എം.എസ് സംവിധാനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകളെ തുറമുഖത്തേക്ക് അടുപ്പിക്കുന്നതിനായി ശേഷിയുള്ള ടഗ്ഗുകളുടെ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖ ചാനലുകളിലെ ആഴം കൂട്ടുന്നതിനായി 20 കോടി രൂപ ചെലവിൽ അത്യാധുനികവും ശേഷി കൂടിയതുമായ ഒരു കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ട്മെന്റിന് ഇ.ഡി.ഐ സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം, കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ വാർഫിന്റെ നീളം കൂട്ടൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്. പൊന്നാനി തുറമുഖം 763 കോടി രൂപ ചെലവിൽ പൊതു - സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് ഏറ്റെടുത്ത് നടത്തി വരുന്നു. 496 കോടി രൂപ ചെലവിൽ അഴീക്കൽ തുറമുഖം കിഫ്ബി വഴിയുള്ള സഹായത്തോടെ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ ആലപ്പുഴ തുറമുഖം ഒരു |

മറീനയായി വികസിപ്പിക്കുന്നതിനുള്ള പ്രോജക്റ്റ് തയ്യാറാക്കി പരിസ്ഥിതി ആഘാതപഠനം നടന്നു വരുന്നു.

(ബി) തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിന് യന്ത്ര സംവിധാനങ്ങളുപയോഗിച്ചുള്ള മെക്കാനിക്കൽ ഡ്രഡ്ജിംഗും പരിചയ സമ്പന്നരായ തൊഴിലാളികളെ ഉപയോഗിച്ച് മാന്വൽ ഡ്രഡ്ജിംഗും നടത്തി വരുന്നു. ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ, കൊല്ലം, വിഴിഞ്ഞം തുടങ്ങിയ തുറമുഖങ്ങളിൽ കേരള സംസ്ഥാന മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം മെക്കാനിക്കൽ ഡ്രഡ്ജിംഗ് നടത്തിവരുന്നുണ്ട്.

(സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ?

(സി) തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സഹായം നിലവിൽ ലഭിക്കുന്നില്ല.

സെക്ഷൻ ഓഫീസർ